# 'സ്മാം' പദ്ധതി കാർഷിക മേഖലയ്ക്ക് ഉണർവാകുന്നു

Janayugom 8-11-18, P-07

**ജോമോൻ വി സേവ്യർ**

തൊടുപുഴ: കാർഷിക മേഖലയിൽ യന്ത്രവത്കരണത്തിലൂടെ ഉത്പാദനം വർധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര കൃഷി മന്ത്രാലയം സംസ്ഥാന സർക്കാരിന്റെ സഹകരണത്തോടെ ആവിഷ്കരിച്ച സ്മാം പദ്ധതി കാർഷിക മേഖലയ്ക്ക് ഉണർവായി മാറുന്നു.

സബ്മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ എന്ന സ്മാം പദ്ധതി ആരംഭിച്ചതിന് ശേഷം ഇതുവരെ 22.06 കോടി രൂപ സംസ്ഥാനത്ത് വിതരണം ചെയ്തു കഴിഞ്ഞു. 2018-19 വർഷത്തിൽ ആദ്യ ഘട്ടത്തിൽ 13.61 കോടി രൂപക്കുള്ള അനുമതിയായി. അടുത്ത ഘട്ടത്തിൽ 6.51 കോടിരൂപ കൂടി അനുവദിച്ചേക്കും. ഇത്തവണ പ്രളയത്തിലും കാലവർഷക്കെടുതിയിലും കാർഷിക മേഖലയിൽ കനത്ത നാശനഷ്ടമാണുണ്ടായത്. ഉരുൾപ്പൊട്ടലിലും മണ്ണിടിച്ചിലിലും ഹെക്ടർകണക്കിനു സ്ഥലത്തെ കൃഷിയും കൃഷിയിടവും കോടി കണക്കിന് രൂപയുടെ കാർഷിക ഉപകരണങ്ങളും നശിച്ചിരുന്നു.ഇതു കാർഷികമേഖലയ്ക്ക് കനത്ത തിരിച്ചടിയാണ് നൽകിയത്. ഈ സാഹചര്യത്തിൽ സ്മാം പദ്ധതി കാർഷികമേഖലക്ക് കൂടുതൽ ഉത്തേജനം പകരും. പദ്ധതിയിലൂടെ കർഷകന് 50 ശതമാനവും സൊസൈറ്റികൾ, സ്വയം സഹായ സംഘങ്ങൾ എന്നിവക്ക് 80 ശതമാനവും സബ്സിഡി നിരക്കിൽ കാർഷികോപകരണങ്ങൾ വാങ്ങാൻ തുക അനുവദിക്കും.

കഴിഞ്ഞ സാമ്പത്തിക വർഷം 16.31 കോടി രൂപയാണ് പദ്ധതി വഴി സംസ്ഥാനത്ത് വിതരണം ചെയ്തത്. 2015-16ൽ 3.09 കോടിയും 2016-17ൽ 1.85 കോടിരൂപയും പദ്ധതി വഴി അനുവദിച്ചിരുന്നു. ഇതിൽ 60 ശതമാനം കേന്ദ്രസർക്കാർ വിഹിതവും 40 ശതമാനം സംസ്ഥാന സർക്കാർ വിഹിതവുമാണ്.

ഇടുക്കി 1.94 കോടി,തൃശൂർ 1.45 കോടി,വയനാട്-1.18 കോടി, പാലക്കാട്-3.12 കോടി,കണ്ണൂർ 1.34 കോടി,തിരുവനന്തപുരം-39 ലക്ഷം,കൊല്ലം-24 ലക്ഷം,പത്തനംതിട്ട-20 ലക്ഷം, ആലപ്പുഴ-95 ലക്ഷം, കോട്ടയം-81 ലക്ഷം, എറണാകുളം-17 ലക്ഷം, മലപ്പുറം -67 ലക്ഷം,കോഴിക്കോട് 91 ലക്ഷം,കാസർകോഡ്-24 ലക്ഷം എന്നിങ്ങനെയാണ് ഇത്തവണ തുക അനുവദിച്ചിട്ടുള്ളത്. ഇടുക്കിയിൽ മാത്രം 1783 കർഷകരിൽ നിന്നും 26 സൊസൈറ്റികളിൽ നിന്നുമായി ആറുകോടിയുടെ കാർഷികോപകരണങ്ങൾക്കുള്ള അപേക്ഷയാണ് ലഭിച്ചിരിക്കുന്നതെന്ന് കൃഷി വകുപ്പ് അധികൃതർ പറഞ്ഞു.

മിക്ക ജില്ലകളിലും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. ഓരോ ജില്ലകളിലും കളക്ടർ ചെയർമാനായും കൃഷി ഡെപ്യൂട്ടി ഡയറക്ടർ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ(അഗ്രികൾച്ചർ)തുടങ്ങി വിവിധ വകുപ്പു തലവൻമാർ അംഗങ്ങളുമായിട്ടുള്ള സമിതിയാണ് ജില്ലകളിലെ ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റിന് അംഗീകാരം നൽകുന്നത്.

സംസ്ഥാന തല സമിതിയിൽ അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ ചെയർമാനും കൃഷി ഡയറക്ടർ,ഹോർട്ടികൾച്ചർ ഡയറക്ടർ,സംസ്ഥാന അഗ്രികൾച്ചർ യൂണിവേഴ്സിറ്റി,ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസർച്ച് സെന്റർ പ്രതിനിധികളുമുള്ള സംഘമാണ് സ്മാമിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നത്.

പദ്ധതി പ്രാബല്യത്തിലായതിനു ശേഷം കാർഷിക മേഖലയിൽ ഗുണകരമായ മാറ്റമാണുണ്ടായതെന്നും കുറഞ്ഞ ചെലവിൽ കൃഷി കൂടുതൽ വ്യാപിപ്പിക്കാനും ഉൽപാദനം വർധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ടെന്നാണ് കൃഷി വകുപ്പിന്റെ വിലയിരുത്തൽ.